ഭരണഭാഷ-മാതൃഭാഷ

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ് - വികാസ് ഭവൻ,**
**തിരുവനന്തപുരം**
**(ഹാജർ : ഡോ.എം.സി.റെജിൽ ഐ എ എസ്)**

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് - 2024 വർഷത്തിൽ മൃഗസംരക്ഷണ മേഖലയിൽ മികവ് തെളിയിച്ച കർഷകരെ സംസ്ഥാനതല അവാർഡ് നിർണ്ണയ സമിതി ശുപാർശ ചെയ്തത് അംഗീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.**

| | |
|---|---|
| നമ്പർ - **AHD/3370/2025-E3** | തീയതി:**23-02-2026** |

പരാമർശം: സർക്കാർ ഉത്തരവ്(സാധാ) നം.354/2025/എ.എച്ച്.ഡി,തിയതി. 04-06-2025.

**ഉത്തരവ്**

മൃഗസംരക്ഷണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനായി സംസ്ഥാനതലത്തിൽ 2024-ലെ മികച്ച കർഷകരെ തെരഞ്ഞെടുക്കുന്ന നടപടികൾ പൂർത്തീകരിക്കുകയുണ്ടായി. മികച്ച ക്ഷീരകർഷകൻ,വാണിജ്യാടിസ്ഥാനത്തിലുള്ള മികച്ച ക്ഷീര കർഷകൻ,മികച്ച സമ്മിശ്ര കർഷൻ,മികച്ച പൗൾട്രി കർഷകൻ,മികച്ച വനിത കർഷക,മികച്ച യുവ കർഷകൻ എന്നീ വിഭാഗങ്ങളാണ് അവാർഡിനായി പരിഗണിച്ചിട്ടുള്ളത്.

മികച്ച ക്ഷീരകർഷകൻ എന്ന വിഭാഗത്തിൽ പ്രതിദിനം ഉയർന്ന പാലുല്പാദനം ലഭിക്കുന്ന പശുവിനെയാണ് അവാർഡിനായി പരിഗണിച്ചത്.ലഭിച്ച 10 അപേക്ഷകളിൽ നിന്നും 2024-ലെ മികച്ച ക്ഷീരകർഷകനായി വയനാട് ജില്ലയിലെ ശ്രീ. തങ്കച്ചൻ പി ഐ എന്ന കർഷകനെ സംസ്ഥാനതല അവാർഡ് നിർണ്ണയ സമിതി ശുപാർശ ചെയ്യുകയുണ്ടായി.

വാണിജ്യാടിസ്ഥാനത്തിലുള്ള മികച്ച ക്ഷീര കർഷകൻ(ക്ഷീരശ്രീ) എന്ന വിഭാഗത്തിൽ ഏറ്റവും കുറഞ്ഞത് 50 കറവ പശുക്കളെ വളർത്തുന്ന കർഷകരെയാണ് അവാർഡിനായി പരിഗണിച്ചത്. ലഭിച്ച 2 അപേക്ഷകളിൽ നിന്നും 2024-ലെ വാണിജ്യാടിസ്ഥാനത്തിലുള്ള മികച്ച ക്ഷീര കർഷകൻ(ക്ഷീരശ്രീ) ആയി വയനാട് ജില്ലയിലെ ശ്രീമതി.ലില്ലി മാത്യു എന്ന കർഷകയെ സംസ്ഥാനതല അവാർഡ് നിർണ്ണയ സമിതി ശുപാർശ ചെയ്യുകയുണ്ടായി.

മികച്ച സമ്മിശ്രകർഷകൻ എന്ന വിഭാഗത്തിൽ മൃഗസംരക്ഷണ മേഖലയിൽ മൂന്നോ അതിലധികമോ ഇനത്തിൽപ്പെട്ട പക്ഷിമൃഗാദികളെ വളർത്തുന്ന കർഷകരെ ആണ് അവാർഡിനായി പരിഗണിച്ചത്.ലഭിച്ച 10 അപേക്ഷകളിൽ നിന്നും 2024-ലെ മികച്ച സമ്മിശ്രകർഷകനായി ഇടുക്കി ജില്ലയിലെ ശ്രീമതി.നിഷ ബെന്നി എന്ന കർഷകയെ സംസ്ഥാനതല അവാർഡ് നിർണ്ണയ സമിതി ശുപാർശ ചെയ്യുകയുണ്ടായി.

മികച്ച വനിതാ കർഷക എന്ന വിഭാഗത്തിൽ മൃഗസംരക്ഷണ മേഖലയിൽ നിന്നും ഉയർന്നു വരുന്ന വനിതകളെ പ്രോത്സാഹിപ്പിക്കുന്നതിനായിട്ടാണ് അവാർഡ് നൽകുന്നത്.ലഭിച്ച 11 അപേക്ഷകളിൽ നിന്നും 2024-ലെ മികച്ച വനിതകർഷകയായി കൊല്ലം ജില്ലയിലെ ശ്രീമതി. പ്രമീള എന്ന കർഷകയെ സംസ്ഥാനതല അവാർഡ് നിർണ്ണയ സമിതി ശുപാർശ ചെയ്യുകയുണ്ടായി.

മികച്ച യുവ കർഷകൻ എന്ന വിഭാഗത്തിൽ മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന 35 വയസ്സിൽ താഴെയുള്ള യുവതി / യുവാക്കളെയാണ് പരിഗണിച്ചത്. ലഭിച്ച 9 അപേക്ഷകളിൽ നിന്നും 2024-ലെ മികച്ച യുവ കർഷകനായി പത്തനംതിട്ട ജില്ലയിലെ ശ്രീ.ആനന്ദ കൃഷ്ണൻ എം.എ എന്ന കർഷകനെ സംസ്ഥാനതല അവാർഡ് നിർണ്ണയ സമിതി ശുപാർശ ചെയ്തു .

മികച്ച പൗൾട്രി കർഷകൻ എന്ന വിഭാഗത്തിൽ മുട്ടക്കോഴി, ഇറച്ചിക്കോഴി, താറാവ്, കാട, എന്നിവയെ വ്യാവസായിക അടിസ്ഥാനത്തിൽ വളർത്തുന്ന കർഷകരെയാണ് അവാർഡിനായി പരിഗണിച്ചത്. ലഭിച്ച 4 അപേക്ഷകളിൽ നിന്നും 2024-ലെ മികച്ച പൗൾട്രി കർഷകൻ ആയി കണ്ണൂർ ജില്ലയിലെ ശ്രീമതി.സിമി.കെ.വി എന്ന കർഷകയെ സംസ്ഥാനതല അവാർഡ് നിർണ്ണയ സമിതി ശുപാർശ ചെയ്തു .

മേൽ സാഹചര്യത്തിൽ, 2024 വർഷത്തിൽ മൃഗസംരക്ഷണ മേഖലയിൽ മികവ് തെളിയിച്ച കർഷകരെ സംസ്ഥാനതല അവാർഡ് നിർണ്ണയ സമിതി ശുപാർശ ചെയ്തത് ചുവടെപറയും പ്രകാരം അംഗീകരിച്ചു ഇതിനാൽ ഉത്തരവാകുന്നു.

| | |
|---|---|
| മികച്ച ക്ഷീരകർഷകൻ | ശ്രീ. തങ്കച്ചൻ പി ഐ |
| വാണിജ്യാടിസ്ഥാനത്തിലുള്ള മികച്ച ക്ഷീര കർഷകൻ(ക്ഷീരശ്രീ) | ശ്രീമതി.ലില്ലി മാത്യു |
| മികച്ച സമ്മിശ്രകർഷകൻ | ശ്രീമതി.നിഷ ബെന്നി |
| മികച്ച വനിതാ കർഷക | ശ്രീമതി. പ്രമീള |
| മികച്ച യുവ കർഷകൻ | ശ്രീ.ആനന്ദ കൃഷ്ണൻ എം.എ |
| മികച്ച പൗൾട്രി കർഷക | ശ്രീമതി.സിമി.കെ.വി |

Digitally signed by
Dr M C Rejil
Date: 23-02-2026
14:47:09

**Dr M C REJIL IAS**
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ് - ബന്ധപ്പെട്ട കർഷകർക്ക്

പകർപ്പ്- 1.എല്ലാ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്കും
2.ഐ.റ്റി സെക്ഷൻ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)